**<u>ആദരണീയ ഉപരാഷ്ട്രപതിയുടെ പെറു, ക്യൂബ , യുകെ സന്ദർശനം . ഒക്ടോബർ 25- നവംബർ 2, 2013</u>**

ഒക്ടോബർ 24, 2013

ആദരണീയനായ ഉപരാഷ്ട്രപതി ശ്രീ എം ഹമീദ് അൻസാരി ഔദ്യോഗികമായി പെറു, ക്യൂബ, യു.കെ സന്ദർശിക്കുന്നു. ഒക്ടോബർ 25 മുതല് നവംബര് രണ്ടു വരെ (ഒക്ടോബർ 25- നവംബർ 2, 2013) ആണ് സന്ദർശനം. ക്യൂബയിലേക്കും പെറുവിലെക്കും ഉപരാഷ്ട്രപതി തലത്തിൽ നടത്തുന്ന ആദ്യ സന്ദർശനം ആണിത്. കേന്ദ്ര മനുഷ്യവിഭവശേഷി വികസന സഹമന്ത്രി ശ്രീ ജിതിൻ പ്രസാദ , പാർലമെന്റിലെ നാലംഗങ്ങൾ , ഉന്നത ഉദ്യോഗസ്ഥർ, മാധ്യമങ്ങള് എന്നിവരും അദേഹത്തോടൊപ്പം ഉണ്ടാകും .

ഒക്ടോബർ 26 മുതല് 29 വരെ ഉപ രാഷ്ട്രപതി പെറുവില് ഉണ്ടാകും. പെറുവിലെ ആദ്യ ഉപപ്രസിഡണ്ട് ആദരണീയയായ മാരിസ് എസ്പിനോസ ക്രൂസുമായി (Ms. Marisol Espinoza Cruz,) പെറു വിദേശകാര്യ മന്ത്രി, വിദേശ വ്യാപാര - വിനോദസഞ്ചാര മന്ത്രി എന്നിവരുമായി അദ്ദേഹം വിശാലതലത്തിൽ ചർച്ചകള് നടത്തും. പെറു പ്രസിഡണ്ട് ആദരണീയനായ ശ്രീ ഒലാന്റ ഹുമാലയുമായി ( Mr Ollanta Humala) അദ്ദേഹം കൂടിക്കാഴ്ച നടത്തും. പെറുവും ഇന്ത്യയും തമ്മിലുള്ള നയതന്ത്ര ബന്ധങ്ങള് ആരംഭിച്ചതിന്റെ അൻപതാം വാർഷിക ആഘോഷങ്ങള് നടക്കുന്ന അവസരത്തിൽ തന്നെയാണ് ഉപ രാഷ്ട്രപതിയുടെ സന്ദർശനം. ഈ ചരിത്ര സംഭവം ഓർമ്മിക്കുന്നതിന്റെ ഭാഗമായി ലിമയിൽ നടക്കുന്ന ഇന്ത്യയുടെ സാംസ്ക്കാരികോത്സവം ഉപ രാഷ്ട്രപതി ഉദ്ഘാടനം ചെയ്യും.. ഇന്ത്യയും പെറുവും തമ്മിൽ ഊഷ്മളമായ സൌഹൃദം ആണുള്ളത് അത് , സാമ്പത്തിക

താത്പര്യങ്ങളിലും ഊന്നിക്കൊണ്ടുള്ള എല്ലാ തലത്തിലുമുള്ള നിരന്തരമായ സന്ദർശനങ്ങളിലൂടെയും നടത്തിവരുന്നുണ്ട് . .ഇന്ത്യയും പെറുവും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരം രണ്ടായിരത്തി പന്ത്രണ്ടിൽ 168 കോടി ഡോളര് ആയിരുന്നു . ഇത് വളരെ സമാനമായ സന്തുലിതാവസ്ഥയിലാണ് .

ക്യൂബയിൽ വച്ച് ഉപ രാഷ്ട്രപതി ക്യൂബയിലെ ആദ്യത്തെ ഉപരാഷ്ട്രപതി ആദരണീയനായ ശ്രീ മിഗെൽ ഡയസ്കനെല് ബെർമൂഡേസുമായി (Mr. Miguel Diaz-Canel Bermudez) വിപുലമായ രീതിയിൽ ഉഭയകക്ഷി ചർച്ചകള് നടത്തും. അദ്ദേഹം ക്യൂബയിലെ പ്രസിഡണ്ട് ആദരണീയനായ ശ്രീ റൌൾ കാസ്ട്രോയുമായി ഒക്ടോബർ 30നു കൂടിക്കാഴ്ച നടത്തും. സന്ദർശനവേളയില് ഹവാനായില് നടക്കുന്ന ഇന്ത്യയുടെ സാംസ്ക്കാരികോത്സവം അദ്ദേഹം ഉദ്ഘാടനം ചെയ്യും. . നാം സ്ഥാപന അംഗങ്ങൾ എന്ന നിലയില് ചരിത്രപരമായി ഇന്ത്യയും ക്യൂബയും തമ്മിൽ നല്ല ഊഷ്മളമായ ബന്ധം ആണു സൂക്ഷിക്കുന്നത്. പൊതു താത്പര്യമുള്ള വിഷയങ്ങളിൽ വളരെ അടുപ്പമുള്ള ബന്ധമാണ് ബഹുമുഖ വേദികളിൽ ഇരു വിഭാഗവും തമ്മിലുള്ളത് . ഊർജം , ബയോടെക്നോളജി , സ്പോർട്ട്സ് എന്നീ മേഖലയുൾപ്പെടെ വളരെ സഹകരണം ഉഭയകക്ഷി ബന്ധങ്ങളിൽ പ്രകടമാണ് .

സന്ദർശനത്തിന്റെ അവസാന ഘട്ടത്തില് ഉപ രാഷ്ട്രപതി യുണൈറ്റഡ് കിംഗ്ഡം സന്ദർശിക്കും. ഒക്സ്ഫോർഡ് സെന്റര് ഫോർ ഇസ്ലാമിക് സ്റ്റഡീസിൽ നവംബര് ഒന്നിന് നടക്കുന്ന വ്യക്തിത്വവും പൌരാധികാരവും (ഐഡന്റിറ്റി ആൻഡ് സിറ്റിസൺ ഷിപ് )എന്ന വിഷയത്തിൽ അദ്ദേഹം പ്രഭാഷണം നടത്തും

**ന്യൂ ഡെൽഹി**
**ഒക്ടോബർ 24, 2013**